പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1305

10.08.2017-ൽ മറുപടിയ്ക്ക്

## കടൽക്ഷോഭം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. എം.കെ.മുനീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | അമ്പലപ്പുഴ താലൂക്കിലെ വണ്ടാനം മുതൽ പുറക്കാട് വരെ തീരദേശ മേഖലയിലുള്ള ജനങ്ങൾ കടൽക്ഷോഭം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി)യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പ്രദേശത്തെ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലും, റെയിൽവേ പുറമ്പോക്കിലും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ദുരിതാശ്വാസ ക്യാമ്പുകളിലും, പുറമ്പോക്കിലും താമസിക്കുന്ന ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (സി) | കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്ന 68 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകാൻ 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നിരന്തരം കടൽക്ഷോഭത്തിനിരയാകുന്ന കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തി 10 ലക്ഷം രൂപ വീതം നൽകി 120 ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ